# രണ്ടാം പതിപ്പിനെക്കുറിച്ച്

**2002**-ാംമാണ്ടിലെത്തുമ്പോൾ രണ്ടു വ്യാഴവട്ടം കടന്നുപോയി. ഇത്രവലിയൊരിടവേള വേണ്ടിയിരുന്നില്ലെന്ന് തോന്നിയിട്ടുണ്ട്. ഓരോന്നിനുമുണ്ടല്ലോ ഓരോ സമയം. മയ്യഴിയുടെ സമയം വരുന്നത് ഇപ്പോഴാണ്.

അന്ന് 1500 പുസ്തകങ്ങൾ അച്ചടിച്ചിരുന്നതാണ്. എട്ടുവർഷങ്ങൾക്കുമുമ്പെ മുഴുവൻ കോപ്പികളും തീർന്നുപോയിട്ടുണ്ട്. എന്നാൽ പുസ്തകം അന്വേഷിച്ചു വരുന്നവർ ഇന്നും ധാരാളമാണ്. കുമാരൻ മാസ്റ്ററുടെ രാജ്യത്തെ തിരിച്ചറിയാൻ ആഗ്രഹിക്കുന്നവർ, മുകുന്ദന്റെ നോവലിലൂടെ മയ്യഴി രാജ്യത്തെ മോഹിച്ചു പോയവർ, ഗവേഷണ പ്രബന്ധമെഴുതാൻ തിടുക്കപ്പെടുന്നവർ ഇങ്ങനെ പലരുമുണ്ട് ആവശ്യക്കാർ. പുസത്കം കരുതിവെച്ചവരിൽ നിന്ന് കടം വാങ്ങിയും, അത് ഫോട്ടോ കോപ്പിയിൽ ഒതുക്കിയും ആവശ്യം നിർവഹിക്കുകയാണ്.

'മയ്യഴി'യുടെ അസാധാരണമായ മേന്മകൊണ്ടാണീങ്ങനെയൊക്കെ സംഭവിക്കുന്നതെന്ന് ഒരിക്കലും തോന്നിയിട്ടില്ല. മയ്യഴി 'രാജ്യ'ത്തിന്റെ ചരിത്രം നാൾവഴി പ്രതിപാദിക്കുന്ന മറ്റൊരു പുസ്തകം ഇല്ലെന്നുള്ള പോരായ്മയാണ് അനുഗ്രഹമായി തീർന്നത്. ഈയൊരു 'പോരായ്മ' മയ്യഴി രണ്ടാം പതിപ്പിലേയ്ക്ക് എത്തുമ്പോഴും നില നിൽക്കുന്നുണ്ടെന്ന് പറയാതെ വയ്യ. ഏതൊരു നാടിന്റെയും ചരിത്രം അവസാനവരിയെ ഴുതി, പൂർണ്ണവിരാമിട്ട് തൃപ്തനാകാൻ ആർക്കാണ് കഴിയുക.

ചരിത്രത്തിന്റെ അക്ഷയ പാത്രത്തിൽ ചീരയില, മാത്രമല്ല, വിഭവങ്ങളേറെ ബാക്കിയുണ്ട്. അവയെ ഉപയോഗപ്പെടുത്തേണ്ടതുമാണ്. മനസ്സ് കിളച്ചാലും, മണ്ണുകിളച്ചാലും ചരിത്രം ലഭിക്കുമെന്ന സ്ഥിതിവിശേഷം മയ്യഴിക്ക് നഷ്ടപ്പെട്ടില്ല. കിളിച്ചെടുക്കാൻ പറ്റിയ മനസ്സുടമകൾ മണ്ണിലേയ്ക്ക് മടങ്ങിക്കൊണ്ടിരിക്കുന്നുവെന്ന സത്യം വിസ്മരിച്ചു കൊണ്ടല്ല ഇങ്ങനെ പറയുന്നത്.

1987 ലാണ് മയ്യഴി പ്രകാശനം ചെയ്തത്. മയ്യഴി 'രാജ്യ'ത്തിന്റെ ചരിത്രത്തോടൊപ്പം ബഹുദൂരം സഞ്ചരിച്ച ഐ.കെ. കുമാരൻ മാസ്റ്റർക്ക് പുസ്തകം നൽകിക്കൊണ്ടാണ് ചടങ്ങ് നടത്തിയത്. രണ്ടാം പതിപ്പ്

കാണാൻ അദ്ദേഹം ജീവിച്ചിരിപ്പില്ല. 1999 ജൂലായ് 26-ാം തിയ്യതി മുതൽ അദ്ദേഹം ഉറങ്ങുകയാണ്. വിളിച്ചുണർത്താൻ ആർക്കുമാകില്ല.

കുമാരൻ മാസ്റ്ററുടെ പ്രസ്ഥാനത്തിന്റെ കരുത്തുറ്റ കാര്യദർശി സി.ഇ.ഭരതൻ, കുറേകൂടി നേരത്തെ യാത്ര ചോദിച്ചു, പോയിരുന്നു. 1976 മാർച്ച് 21-ാം തിയ്യതിയായിരുന്നു, അദ്ദേഹത്തിന്റെ അന്ത്യയാത്ര, മയ്യഴി രാജ്യത്തിലെ ദേശീയ പ്രസ്ഥാനത്തിന് അലകും പിടിയും ഒരുക്കുകയും പിന്നീട് മയ്യഴിയിൽ കമ്മ്യൂണിസത്തിന്റെ വിത്തു മുളപ്പിക്കുകയും ചെയ്ത മുച്ചിക്കൽ പത്മനാഭൻ കഥാവശേഷനായത് 1982 ജനവരി 5-ാം തിയ്യതിയിലാണ്. സ്വാതന്ത്ര്യസമരം സേനാനികളിൽ മുഖ്യരായ പി.കെ. രാമൻ 1981 ആഗസ്റ്റ് 24നും പോന്തയാട്ട് അനന്തൻ വക്കീൽ 1990 ഒക്ടോബർ 17നും മണ്ണിനോട് വിട ചോദിച്ചു പോയിട്ടുണ്ട്. മയ്യഴിക്ക് ചരിത്രമാകാൻ ജീവിതം ഇവിടെ ഇട്ടേച്ചു പോയവർ ഇനിയുമെത്രയോ പേർ. ഇപ്പോൾ ജീവിച്ചിരിക്കുന്നവരുമുണ്ട് കുറേയാളുകൾ.

1855ലാണ് മയ്യഴിക്കുന്നിൽ മൂപ്പന്റെ ബംഗ്ലാവ് ഇന്ന് കാണുന്ന രൂപം കൈവരിച്ചത്. കുന്നിൻ ചരിവിൽ പെൺകുട്ടികളുടെ സ്കൂളിന് 1993ൽ അനുബന്ധ കെട്ടിടം നിർമ്മിക്കാൻ ‘കുയ്യാട്ട’ കീറിയപ്പോൾ, അവിടെ ശവക്കല്ലറകളും തുരുമ്പെടുത്ത് മണ്ണായി നിൽക്കുന്ന കത്തി, കൊടുവാൾ പോലുള്ള ഇരുമ്പായുധങ്ങളും കണ്ടെത്തിയിരുന്നു. കൂടുതൽ ആളുകളറിഞ്ഞാൽ പണി മുടങ്ങുമെന്ന് ധരിച്ച ജോലിക്കാർ ശവക്കല്ലറകളിലൊന്നിന്റെ മാർബിൾ ഫലകം അടർത്തിയെടുത്ത് ബാക്കിയൊക്കെ മണ്ണിട്ട് മൂടി. മൂപ്പന്റെ ബംഗ്ലാവിലെ സ്റ്റോർ മുറിയിലെവിടെയോ സൂക്ഷിച്ചിരിക്കുകയാണ് ഫലകം.

1766ൽ മരിച്ചുപോയ ദൊമിനൊ പീക്കോ എന്നൊരാളുടെ ശവകുടീരത്തിലെ ഫലകമാണ് കണ്ടെത്തിയത്. പീക്കോ ആരാണെന്ന് വ്യക്തമല്ല. ‘പിക്കോ ദ് ലാ മോത്ത്’ എന്നൊരാൾ 1765ലും 1775ലും രണ്ടു ഘട്ടങ്ങളിലായി മൂപ്പൻ സായ്വായി ജോലി ചെയ്തിട്ടുണ്ട്. കല്ലറയിൽ ഉറങ്ങുന്ന പീക്കോ, മൂപ്പൻ സായ്വ് പീക്കോ ആവാൻ തരമില്ലല്ലോ. എന്നിട്ടും മൂപ്പൻ സായ്വിന്റെ കല്ലറ കണ്ടെത്തിയെന്ന് തെറ്റായ വാർത്ത പ്രചരിച്ചിരുന്നു.

മാളിയേമ്മൽ ഉയരങ്ങളിലെ മണ്ണ് കിളച്ചാലും ചരിത്രാന്വേഷികൾക്കാവശ്യമായ പലതും കിട്ടിയേക്കും. ഇവിടെനിന്ന് അടുത്ത കാലത്ത് കണ്ടെടുത്ത പിഞ്ഞാണത്തിന്റെ പൊട്ടിപ്പോയ കഷണങ്ങൾ കണ്ട ഇന്ത്യാ ഗവൺമെന്റിന്റെ ഒരു പുരാവസ്തു സംരക്ഷണവിഭാഗം മേധാവി പറഞ്ഞത്, അവയ്ക്ക് നല്ല കാലപ്പഴക്കം ഉണ്ടെന്നാണ്. കൂടുതൽ ഗവേഷണം നടന്നതായി അറിവില്ല.

മയ്യഴി മൂപ്പൻ സായ്വിന്റെ ബംഗ്ലാഴിൽ ടിപ്പുസുൽത്താൻ കിഠന്നുറങ്ങിയ മഞ്ചം വിലയ്ക്കെടുക്കാൻ എത്തിയ ചരിത്രാന്വേഷിയെ ഓർമ വരികയാണ്. ടിപ്പുസുൽത്താനും, ഫ്രഞ്ചുകാരും തമ്മിലുള്ള സൗഹൃദത്തെക്കുറിച്ച് ചരിത്രത്തിൽ ഏറെയുണ്ടല്ലോ, കഥകൾ. ഫ്രഞ്ച് വിപ്ലവം നടന്നപ്പോൾ ആഹ്ലാദസൂചകമായി ശ്രീരംഗപട്ടണത്ത് വൃക്ഷത്തെ വെച്ചു പിടിപ്പിച്ച ആളാണ് സുൽത്താൻ.

മൈസൂർ സുൽത്താന്റെ രണ്ടാമത്തെ മകൻ അബ്ദുള്ളയും കണ്ണൂരിലെ അറക്കൻ ബീബിയുടെ മകളും തമ്മിലുള്ള നിക്കാഹ് ഉറപ്പിച്ചത് മയ്യഴിമൂപ്പൻ സായ്വിന്റ ബംഗ്ലാവിൽ വെച്ചാണെന്ന് എവിടെ നിന്നോ ലഭിച്ച അറിവാണ് തലശ്ശേരിക്കാരനും, കേരളത്തിൽ മുൻ ചീഫ് എൻജിനീയറും ചരിത്രാന്വേഷിയും എഴുത്തുകാരനുമൊക്കെയായ സി.ടി. അലിയെ മൂപ്പന്റെ ബംഗ്ലാവിലെത്തിച്ചത്.

മയ്യഴി രാജ്യത്തെ അറിയാനുള്ള ആഗ്രഹം വച്ചു പുലർത്തുന്നവർ എത്രയോ പേരുണ്ടെന്നും അവർക്ക് പലതും ചെയ്തുകൊടുക്കാൻ മയ്യഴിക്കാർക്ക് സാധിക്കുമെന്നും ഓർമ്മിപ്പിക്കാൻ മാത്രമാണ് ഇത്രയൊക്കെ പറഞ്ഞുപോയത്. മയ്യഴിക്കാരുടെ കൂട്ടായ്മ വിജയിപ്പിച്ചെടുത്ത 'മഹോത്സവം 2000'ൽ ഉരുത്തിരിഞ്ഞുവന്ന 'മയ്യഴിക്കൊരു മ്യൂസിയം' എന്ന ആശയം യാഥാർത്ഥ്യമാക്കാനുള്ള ശ്രമം എന്തായാലും ആവശ്യമാണെന്ന് ബോധ്യപ്പെടുത്താനും കൂടിയാണിത്.

ഈയൊരു തലത്തിലേയ്ക്ക് ആളുകളെ ചിന്തിപ്പിക്കാൻ 'മയ്യഴി' എന്ന പുസ്തകം ചെറിയൊരു ഞെക്കുവിളക്കിന്റെ വെളിച്ചം പകർന്നിട്ടില്ലേ? ഇത്തിരി വൈകിയെങ്കിലും രണ്ടാംപതിപ്പ് നിങ്ങളെത്തേടി വരികയാണ്. ഒന്നാം പതിപ്പിലെ ചില പിശകുകൾ തിരുത്തിയിട്ടുണ്ട്. ചിലേടത്ത് കൂട്ടിച്ചേർക്കലും നടത്തി. ആദ്യപതിപ്പിറക്കാൻ സഹകരിച്ച ഏതാണ്ട് മുഴുവൻ പേരും ഇപ്പോഴും കൂടെ ഉണ്ടെന്ന് കാണുന്നതിൽ സന്തോഷിക്കുന്നു.

അച്ചടി മഷിയിൽ 'നന്ദി' അക്ഷരമെഴുതി കടപ്പാടുകൾക്ക് വിരാമമിടാൻ ആഗ്രഹിക്കാത്തതുകൊണ്ട് അന്നത്തെ ആമുഖത്തിൽ ആർക്കും നന്ദി പ്രകാശിപ്പിച്ചിരുന്നില്ല. എപ്പോഴും എടുത്തുപയോഗിക്കുന്നതിനു വേണ്ടി മനസ്സിൽ തന്നെ കരുതിവെച്ചിരിക്കുകയായിരുന്നു. ഏതോ അസംബന്ധ നാടകത്തിലെ കഥാപാത്രത്തെപ്പോലെ, മനസ്സിന്റെ ചുമരുകളെയും തകർത്ത് അത് വളർന്നുതുടങ്ങി. അർഹതപ്പെട്ടവർക്ക്, അതിനെ ഏല്പിച്ചു കൊടുക്കാതെ വയ്യ. മുഴുവൻ ആളുകളുടെയും പേരെഴുതി വയ്ക്കാൻ പ്രയാസമുണ്ട്. ആരോടൊക്കെയാണ് നന്ദി പറയാതിരിക്കേണ്ടത്!

എന്നാലും, പി.കെ. സത്യാനന്ദന്റെയും അദ്ദേഹം പ്രസിഡന്റ് ആയ

മാഹി കോ.ഓപ്പറേറ്റീവ് പ്രിൻടിങ്ങ് പ്രസ്സിന്റെയും, മയ്യഴി സാഹിതി സംഘ്യത്തിന്റെയും എം. രാഘവന്റെയും ഡോ. മഹേഷ് മംഗലാട്ടിന്റെയും ഫാദർ ജോസി പുളിക്കത്തറയുടെയും സി.എച്ച്. പ്രദീപ് കുമാറിന്റെയും പേരുകൾ എഴുതാതിരിക്കുന്നതെങ്ങിനെ.

നന്ദി സുഹൃത്തുക്കളെ, എല്ലാവരോടും കടപ്പാടുണ്ട്.

സ്നേഹാദരങ്ങളോടെ

***സി.എച്ച്. ഗംഗാധരൻ***

മയ്യഴി
10.1.2002